## വഴിവെളിച്ചം

# അയൽക്കാരന്റെ അവകാശങ്ങൾ

عَن عَمْروبنِ شُعَيب : عَن النَّبيّ ﷺ قَالَ : "مَنْ أَغْلَقَ بَابَهُ دُونَ جاره مَخَافَةً عَلَى أَهْله وَمَاله ، فَلَيْس ذلك بموْمنٍ، وَلَيس بموْمن من لم يأْمَنْ جارُه بوائقه . أَتَدْرِى مَا حَقُّ الجَارِ؟ إِذَا اسْتعانك أَعَنْتَهُ ، وإِذَا اسْتَقْرضك أَقْرَضْتَهُ ، وإذا افْتَقَرَ عُدْتَ عَلَيْه ، وإِذَا مَرِضَ عُدْتَه ، وإِذَا أَصَابَهُ خَيْرٌ هَنَّأْتَهُ ، وإِذَا أَصَابَتْهُ مُصِيبَةٌ عَزَّيْتَهُ ، وإِذَا مَاتَ اتَّبَعْتَ جَنَازَتَهُ ، وَلَا تَسْتَطِلْ عَلَيْه بالْبُنْيَان فَتَحْجُبَ عَنْهُ الرِّيحَ إِلَّا بإِذْنه ، وَلَا تُؤْذِه بقُتَار ريح قِدْرِك إِلَّا أَنْ تَغْرِفَ لَهُ مِنْهَا . وَإِن اشْتَرَيْتَ فَاكِهَةً فَأَهْدِ لَه فَإِنْ لَمْ تَفْعَلْ فَأَدْخِلْهَا سِرًّا . وَلَا يَخْرُجْ بِهَا وَلَدُكَ لِيَغِيظَ بِهَا وَلَدَه" – رواه الخرائطى في مكارِم الأخلاق –

**അംറുബ്നു ശുഐബി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: തന്റെ കുടുംബത്തിനും സമ്പത്തിനുമുണ്ടാവുന്ന നഷ്ടം ഭയന്ന് അയൽക്കാരനു നേരെ വാതിൽ കൊട്ടിയടക്കുന്നവൻ സത്യവിശ്വാസിയല്ല. ഏതൊരുവന്റെ ഉപദ്രവത്തിൽനിന്ന് അയൽക്കാരൻ നിർഭയനല്ലയോ അവനും വിശ്വാസിയല്ല. അയൽക്കാരനോടുള്ള ബാധ്യതകൾ എന്തൊക്കെയാണെന്ന് അറിയുമോ? അവൻ നിന്നോട് സഹായമർഥിച്ചാൽ നീ അവനെ സഹായിക്കണം. കടം ചോദിച്ചാൽ കൊടുക്കണം. അവൻ ആവശ്യക്കാരനെങ്കിൽ അത് അവനു തന്നെ തിരിച്ചുകൊടുത്തേക്കുക. രോഗിയായാൽ സന്ദർശിക്കുക. അവന് വല്ല നന്മയും കൈവന്നാൽ ആശംസിക്കുക. ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ആശ്വസിപ്പിക്കുക. മരണപ്പെട്ടാൽ ജനാസയെ അനുഗമിക്കുക. അവന്റെ അനുവാദം കൂടാതെ കെട്ടിടം ഉയർത്തി നീ അവന്റെ വീട്ടിലേക്കുള്ള വായുസഞ്ചാരം തടസ്സപ്പെടുത്തരുത്. നിന്റെ കറിയിൽനിന്നും ഒന്നും നൽകാതെ അതിന്റെ മണം മാത്രം പരത്തിക്കൊണ്ട് നീ അവനെ ഉപദ്രവിക്കരുത്. നീ പഴം വാങ്ങിയാൽ അതിന്റെ ഒരു വിഹിതം അവനും നൽകുക; അതിന് സാധ്യമല്ലെങ്കിൽ വീട്ടിൽ അത് സ്വകാര്യമായി വെക്കുക. അതുമായി നിന്റെ മകൻ പുറത്തുപോയി, അതു കണ്ട അവന്റെ മകൻ പ്രയാസപ്പെടാനിടവരരുത്.***

**സത്യവിശ്വാസിക്ക്** അയൽക്കാരനോടുള്ള കടപ്പാടുകളും ബാധ്യതകളും വിവരിച്ചിരിക്കുകയാണ് ഈ നബിവചനത്തിൽ. സാമൂഹിക ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപകാരപ്പെടുന്നവരാണ് അയൽവാസികൾ. അങ്ങേയറ്റം സൗഹാർദത്തിലേ അവരുമായി ഇടപഴകാവൂ. അല്ലാഹുവിന് ഇബാദത്ത് ചെയ്യാനും ബഹുദൈവത്വം വർജിക്കാനും ആജ്ഞാപിച്ചതിനുശേഷം ബന്ധുക്കളും അന്യരുമായ മുഴുവൻ അയൽക്കാരോടും നല്ല നിലയിൽ വർത്തിക്കാൻ ഖുർആൻ അനുശാസിച്ചിട്ടുണ്ട് (4:36). ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഒരു ഹദീസ് ഇങ്ങനെയാണ്: 'ജിബ്രീൽ എന്നോട് അയൽവാസികളെക്കുറിച്ച് തുടർച്ചയായി ഉപദേശിച്ചുകൊണ്ടിരുന്നു; അവരെ അനന്തരാവകാശികളായി നിശ്ചയിച്ചേക്കും എന്നുവരെ ഞാൻ ആശങ്കിച്ചു പോയി.'

അയൽക്കാരെ ഉപദ്രവിക്കുന്നതുപോലെ കുറ്റകരമാണ് അവർക്ക് ഉപകാരം ചെയ്യാതിരിക്കലും. മറ്റുള്ളവരെ അവഗണിച്ച് സ്വന്തത്തിലേക്ക് ചുരുങ്ങിക്കൂടേണ്ടവനല്ല സത്യവിശ്വാസി. തന്നെപ്പോലെ തന്റെ അയൽക്കാരനെയും അവൻ സ്നേഹിക്കണം. ഉപദ്രവം ഭയന്നാണെങ്കിൽ പോലും അയൽക്കാരനു നേരെ വാതിൽ കൊട്ടിയടക്കരുത്. ഒരു നബിവചനം ഇപ്രകാരമാണ്: 'അന്ത്യനാളിൽ എത്രയെത്ര ആളുകളാണ് തങ്ങളുടെ അയൽക്കാരോടൊപ്പം ദൈവസന്നിധിയിൽ ഹാജരാവുക. അയൽക്കാരൻ പറയും: എന്റെ നാഥാ, ഇവൻ എന്റെ നേരെ വാതിൽ കൊട്ടിയടക്കുകയും ഇവന്റെ നന്മകൾ എനിക്ക് തടയുകയും ചെയ്തു' (ബുഖാരി-*അദബുൽ മുഫ്റദ്*).

അയൽപക്കബന്ധം ഊഷ്മളവും സ്നേഹനിർഭരവുമാവണം. സേവനത്തിന്റെയും സഹകരണത്തിന്റെയും കവാടങ്ങൾ അയൽക്കാരനുവേണ്ടി തുറന്നു വെക്കാനും പ്രതിസന്ധികളിൽ അവന് അത്താണിയാവാനും കഴിയേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾ പോലും പ്രവാചകൻ പരാമർശിക്കാതെ വിടുന്നില്ല. പ്രമുഖ സ്വഹാബിയായ അബൂദർറുൽ ഗിഫാരി(റ)യെ പ്രവാചകൻ ഉപദേശിച്ചു: 'അബൂദർറേ, നീ കറി പാകം ചെയ്താൽ അതിൽ വെള്ളം ചേർത്തെങ്കിലും അയൽക്കാരനുമായി പങ്കുവെക്കാൻ മറക്കരുത്.' സ്ത്രീകളോട് പ്രവാചകൻ പറഞ്ഞു: 'നിങ്ങളിൽ ഒരാളും തന്റെ അയൽവാസിക്കു ചെയ്യുന്ന ദാനത്തെ നിസ്സാരമായി കാണരുത്; അത് ഒരു ആടിന്റെ കുളമ്പാണെങ്കിൽ പോലും' (ബുഖാരി, മുസ്ലിം).

അയൽക്കാരന്റെ അനുമതി കൂടാതെ കെട്ടിടം കെട്ടിപ്പൊക്കി വായുസഞ്ചാരം തടയുന്നതുമുതൽ, നല്ല വിഭവങ്ങളുണ്ടാക്കി അവനെ കൊതിപ്പിക്കുന്നതുവരെ കുറ്റമായി എണ്ണിയിരിക്കുകയാണ്. സമ്പന്നന്റെ വീട്ടിലുണ്ടാക്കുന്ന പലഹാരങ്ങളും മറ്റും തങ്ങൾക്കും കിട്ടണമെന്ന് അയൽവീട്ടിലെ പാവപ്പെട്ട കുട്ടികൾ ആഗ്രഹിക്കുന്നു. കിട്ടാതെ വരുമ്പോൾ അവരുടെ മനസ്സ് വേദനിക്കുന്നു. അത് ദരിദ്രരായ മാതാപിതാക്കളെ പ്രയാസപ്പെടുത്തും. ഇത് ഒഴിവാക്കാനാണ്, പഴം വാങ്ങിയാൽ ഒരു പങ്ക് അയൽക്കാരന് നൽകണമെന്നും അതിനു കഴിയില്ലെങ്കിൽ അത് രഹസ്യമായി വെക്കണമെന്നും ഉണർത്തുന്നത്. നിസ്സാര പ്രശ്നങ്ങളുടെ പേരിൽ അയൽക്കാരുമായി ശണ്ഠകൂടുന്നവർ ഈ നബിവചനത്തെക്കുറിച്ച് ചിന്തിച്ചിരുന്നെങ്കിൽ! ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ഖറാഇത്വി, അംറുബ്നു ശുഐബി(റ)ൽനിന്നും, ത്വബ്റാനി, മുആവിയത്തുബ്നു ഹയദ(റ)യിൽനിന്നും അബൂശൈഖ്, മുആദുബ്നു ജബലി(റ)ൽനിന്നും അസ്ബഹാനി, അബൂഹുറയ്റ(റ)യിൽനിന്നും വിവിധ നിവേദക പരമ്പരകളിലൂടെ ഈ തിരുവചനം ഉദ്ധരിച്ചിരിക്കുന്നു. ഓരോ നിവേദനത്തിലും ദുർബല കണ്ണികളുണ്ടെങ്കിലും നിവേദക പരമ്പരകളുടെ ആധിക്യം ഹദീസിന് ബലം നൽകുന്നുണ്ടെന്ന് ഇമാം ഇബ്നുഹജറുൽ അസ്ഖലാനി (*ഫത്ഹുൽബാരി*, വാ: 10, പേ: 460), ഹാഫിള് മുൻദിരി (*അത്തർഗീബു വത്തർഹീബ്*, വാ: 3, പേ: 358) എന്നിവർ അഭിപ്രായപ്പെടുന്നു.